(എ) തിരുവനന്തപുരം പബ്ലിക് ലൈബ്രറിയുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ലൈബ്രറി ആധുനികവൽക്കരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പത്രങ്ങളും മാസികകളും വായിക്കാൻ എത്തുന്നവർക്ക് അനുഭവപ്പെടുന്ന പ്രയാസങ്ങൾ ദൂരീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ലൈബ്രറി അംഗങ്ങളുടെ എണ്ണത്തിനനുസരിച്ച് പത്രമാസികകളുടെ എണ്ണം വർദ്ധിപ്പിക്കാത്തതുകൊണ്ട് പത്രമാസികകൾ യഥാസമയം അംഗങ്ങൾക്ക് ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസിദ്ധമായ എല്ലാ പത്രങ്ങളും മാസികകളും ലൈബ്രറിയിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. തിരുവനന്തപുരം പബ്ലിക് ലൈബ്രറിയുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന്റെ ഭാഗമായിട്ടും ആധുനികവൽക്കരണത്തിന്റെ ഭാഗമായിട്ടും റഫറൻസ് വിഭാഗം എയർകണ്ടിഷൻ ചെയ്യുകയും ക്ലോസ്ഡ് റഫറൻസ് വിഭാഗം എയർ കണ്ടിഷനിംഗ് ചെയ്യുന്നതിന്റെ പണികൾ ആരംഭിക്കുകയും പുസ്തകശാല വിഭാഗം കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഡിജിറ്റൈസേഷൻ ജോലികൾ ആരംഭിച്ചിട്ടുണ്ട്. ഓഫീസ് ഓട്ടോമേഷൻ സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ഇന്റർനെറ്റ് ബ്രൗസിംഗ് സെന്ററും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(ബി) നടപടി സ്വീകരിക്കുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കുറവെന്തെങ്കിലും ഉണ്ടോ എന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

യു. ജി. സി. നിയമമനുസരിച്ച് ലൈബ്രേറിയൻമാരുടെ ശമ്പള നിർണ്ണയം

139 [3665] *ശ്രീ. ഡി. സുഗതൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ കോളേജുകളിൽ എന്നു മുതലാണ് യു. ജി. സി. സ്കീം നടപ്പിൽവരുത്തിയത്;

(ബി) യു. ജി. സി. സ്കീമിൽ ലൈബ്രേറിയൻ തസ്തികയുള്ള സർക്കാർ കോളേജുകൾ ഏതൊക്കെ;

(സി) പ്രസ്തുത കോളേജുകളിൽ യു. ജി. സി. നിർദ്ദേശപ്രകാരമുള്ള ലൈബ്രേറിയൻമാരെ സംബന്ധിക്കുന്ന സ്പെഷ്യൽ റൂൾസ് ഉണ്ടാക്കിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഇ) യു. ജി. സി. സ്കീം നടപ്പിലാക്കിയതിനുശേഷം മേൽപ്പറഞ്ഞ തസ്തികകളിൽ യു. ജി. സി. നിർദ്ദേശിച്ച യോഗ്യതയുള്ളവരെയാണോ നിയമിച്ചിട്ടുള്ളത്;

(എഫ്) അവർക്ക് യു. ജി. സി. സ്കീമിലെ ശമ്പളമാണോ നൽകിയിട്ടുള്ളത്;

(ജി) യു. ജി. സി. സ്കീമിൽ വരുന്ന കേളേജുകളിൽ ജോലി നോക്കിയിട്ടില്ലാത്ത ലൈബ്രേറിയൻമാർക്ക് യു. ജി. സി. സ്കീം അനുവദിച്ചിട്ടുണ്ടോ;

(എച്ച്) യു. ജി. സി. സ്കീമിൽപ്പെടുത്തിയ ലൈബ്രേറിയൻമാരുടെ ലിസ്റ്റും അവർ ആ സ്കീം അനുവദിച്ച കാലയളവിൽ ജോലി ചെയ്തിരുന്ന സ്ഥാപനങ്ങളുടെ പേരു വിവരവും വെളിപ്പെടുത്തുമോ;

(ഐ) യു. ജി. സി. നിയമമനുസരിച്ച് അർഹതയുള്ള ലൈബ്രേറിയൻമാരുടെ ശമ്പള നിർണ്ണയം ഇനിയും നടത്തിയിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്തെ കോളേജുകളിൽ യു. ജി. സി. സ്കീം നടപ്പിൽ വരുത്തിയത് 1-1-1986 മുതൽ ആണ്. എന്നാൽ കോമൺ പൂൾ ലൈബ്രേറിയൻമാർക്ക് യു. ജി. സി. നൽകിയത് 11-8-2000-ലെ ജി. ഒ. (എം. എസ്.) 130/2000 ഉ. വി. വ. ഉത്തരവു പ്രകാരമാണ്.

(ബി) താഴെപ്പറയുന്ന 12 കോളേജുകളിലാണ് യു. ജി. സി. സ്കീമിൽ ലൈബ്രേറിയൻമാർ ഉള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

1. ഗവ. സംസ്കൃത കോളേജ്, തിരുവനന്തപുരം.
2. യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം.
3. ഗവ. വിമൻസ് കോളേജ്, തിരുവനന്തപുരം.
4. ഗവ. ആർട്സ് കോളേജ്, തിരുവനന്തപുരം.
5. മഹാരാജാസ് കോളേജ്, എറണാകുളം.
6. വിക്ടോറിയ കോളേജ്, പാലക്കാട്.
7. ഗവ. സംസ്കൃത കോളേജ്, പട്ടാമ്പി.
8. ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്, കോഴിക്കോട്.
9. ഗവ. കോളേജ്, ചിറ്റൂർ.
10. ഗവ. ബ്രണ്ണൻ കോളേജ്, തലശ്ശേരി.
11. ഗവ. കോളേജ്, മടപ്പള്ളി.
12. ഗവ. കോളേജ്, കാസറഗോഡ്.

(സി) & (ഡി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ഇ) അനുവദനീയമായ ഇളവുകൾക്ക് വിധേയമായാണ് നിയമനം നടത്തിയിട്ടുള്ളത്.

(എഫ്) യു. ജി. സി. സ്കീമിലെ ശമ്പളനിർണ്ണയം പരിഗണനയിലാണ്.

(ജി) ഉണ്ട്. അനുവദനീയമായ ഇളവുകൾക്ക് വിധേയമായി യു. ജി. സി. സ്കീമിന് അർഹരായവരെ അതിൽ ഉൾപ്പെടുത്തുകയും പിന്നീട് ഇവരെ ഗവൺമന്റ് കോളേജുകളിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

(എച്ച്) അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ഐ) ഉണ്ട്.

1995-ൽ ലൈബ്രറി കൗൺസിൽ സൃഷ്ടിച്ച പോസ്റ്റിൽ ഇരുന്നു റിട്ടയർ ചെയ്യുന്നവർക്ക് പെൻഷൻ ആനുകൂല്യം നൽകാൻ നടപടി

140 [3666] *ശ്രീ. പി. ടി. തോമസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

† അനുബന്ധം VIII.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VIII

[28-3-2005-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 139 (3665)-ന്റെ ഉത്തരം ദയവായി കാണുക]

യു. ജി. സി. സ്കീമിൽപ്പെടുത്തിയ ലൈബ്രേറിയൻമാരുടെ ലിസ്റ്റും, അവർ ആ സ്കീം അനുവദിച്ച കാലയളവിൽ ജോലി ചെയ്തിരുന്ന സ്ഥാപനങ്ങളുടെ പേരും

	യു. ജി. സി. സ്കീമിൽപ്പെടുത്തിയ ശേഷം നൽകിയ നിയമനം
1. ശ്രീമതി സി. എസ്. തുളസിബായി, സീനിയർ ലൈബ്രേറിയൻ, മെഡിക്കൽ കോളേജ്, തിരുവനന്തപുരം (റിട്ടയർ ചെയ്തു)	ഗവൺമെന്റ് സംസ്കൃത കോളേജ്, തിരുവനന്തപുരം
2. ശ്രീമതി എലിസബത്ത് ഇടിക്കുള, ലൈബ്രേറിയൻ ഗ്രേഡ് 1, സെക്രട്ടേറിയറ്റ് സെൻട്രൽ ലൈബ്രറി (റിട്ടയർ ചെയ്തു)	യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം
3. ശ്രീ. എസ്. ആഷഗിരി, ലൈബ്രേറിയൻ ഗ്രേഡ് 1, സംസ്കൃത കോളേജ്, പട്ടാമ്പി	സംസ്കൃത കോളേജ്, പട്ടാമ്പി
4. ശ്രീമതി എം. കെ. സരോജം, ലൈബ്രേറിയൻ ഗ്രേഡ് 1, ലോ കോളേജ്, തിരുവനന്തപുരം	ഗവൺമെന്റ് കോളേജ്, മടപ്പള്ളി (ഇപ്പോൾ സംസ്കൃത കോളേജ് തിരുവനന്തപുരം)
5. ശ്രീ. എൻ. ഗോപാലൻ, ലൈബ്രേറിയൻ ഗ്രേഡ് 1, മെഡിക്കൽ കോളേജ്, തിരുവനന്തപുരം	ഗവൺമെന്റ് കോളേജ്, ചിറ്റൂർ (ഇപ്പോൾ യൂണിവേഴ്സിറ്റി കോളേജ് തിരുവനന്തപുരം)
6. ശ്രീമതി എസ്. കൃഷ്ണകുമാരി, ലൈബ്രേറിയൻ ഗ്രേഡ് 1, ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ്, കോഴിക്കോട്	ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ്, കോഴിക്കോട് (ഇപ്പോൾ ആർട്സ് ആന്റ് സയൻസ് കോളേജ്, തിരുവനന്തപുരം)
7. ശ്രീമതി ഡാർലിംഗ് ലില്ലി മാർഗ്ഗരറ്റ്, ലൈബ്രേറിയൻ ഗ്രേഡ് 1, എഞ്ചിനീയറിംഗ് കോളേജ്, തിരുവനന്തപുരം	ഗവൺമെന്റ് വിമൻസ് കോളേജ്, തിരുവനന്തപുരം.

LIBRARY ARCHIVES Kerala Legislative Assembly

	യു. ജി. സി. സ്കീമിൽപ്പെടുത്തിയ ശേഷം നൽകിയ നിയമനം
8. ശ്രീ. ആർ. രാമൻ നായർ, ലൈബ്രേറിയൻ ഗ്രേഡ് 1, ഗവൺമെന്റ് വിമൻസ് കോളേജ്, തിരുവനന്തപുരം	ഗവൺമെന്റ് ബ്രണ്ണൻ കോളേജ്, തലശ്ശേരി
9. എം. സി. തങ്കച്ചൻ, ലൈബ്രേറിയൻ ഗ്രേഡ് 1, വിക്ടോറിയ കോളേജ്, പാലക്കാട്	വിക്ടോറിയ കോളേജ്, പാലക്കാട്
10. ശ്രീ. വി. ഗോപകുമാർ, ലൈബ്രേറിയൻ ഗ്രേഡ് 1, ഗവൺമെന്റ് പോളിടെക്നിക്, തിരുവനന്തപുരം	ഗവൺമെന്റ് കോളേജ്, കാസർഗോഡ്
11. ശ്രീമതി ലീല ജോസഫ് ലൈബ്രേറിയൻ ഗ്രേഡ് 1, സംസ്കൃത കോളേജ്, തിരുവനന്തപുരം	മഹാരാജാസ് കോളേജ്, എറണാകുളം
12. ശ്രീ. പി. മോഹനൻ, ലൈബ്രേറിയൻ ഗ്രേഡ് 1, ഗവൺമെന്റ് ആർട്സ് കോളേജ്, തിരുവനന്തപുരം	ഗവൺമെന്റ് ആർട്സ് കോളേജ്, തിരുവനന്തപുരം (ഇപ്പോൾ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ്, കോഴിക്കോട്)
13. ശ്രീ. പി. ടി. മാർക്കോസ്, ചീഫ് ടെക്നിക്കൽ ലൈബ്രേറിയൻ എഞ്ചിനീയറിംഗ് കോളേജ്, തിരുവനന്തപുരം	ഗവൺമെന്റ് കോളേജ്, ചിറ്റൂർ
14. ശ്രീ. എ. എം. രവീന്ദ്രൻ, ലൈബ്രേറിയൻ ഗ്രേഡ് 1, ഗവൺമെന്റ് പോളിടെക്നിക്, കോഴിക്കോട്	ഗവൺമെന്റ് കോളേജ്, മടപ്പള്ളി

LIBRARY ARCHIVES Kerala Legislative Assembly